നം - എൻ2/41050/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 06/06/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ- 1

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - 2017-18 - സ്കൂളുകളുടെ പേരുകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :- കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിന്റെ കത്ത് നമ്പർ 09/12/2017 - എസ്.എസ് തീയതി. 31/05/2017

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പൊതുവിദ്യാഭ്യാസ വകുപ്പുവഴി ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഈ വർഷത്തെ (2017-18) അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ വിജ്ഞാപനം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്ന് മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന (മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധർ, ജൈനർ, പാഴ്സി, സിഖ്) കുട്ടികൾക്ക് പൊതുവായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമേ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത സ്കൂളുകൾ (എൽ.പി/യു.പി/എച്ച്.എസ്) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP) അടിയന്തിരമായി/നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻവർഷങ്ങളിൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. സ്കൂളുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന്/കൂടുതൽ **വിവരങ്ങൾക്ക് 0471-2328438, 9496304015 (ആഫീസ്), 9447990477, എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.**

**നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റൽ ചെയ്യന്നുതിന് വേണ്ടി സ്കൂളിന്റെ പേര്, വിലാസം, ഡയസ്കോഡ്, ജില്ല, വിദ്യാഭ്യാസ ജില്ല, പ്രഥമാധ്യാപകന്റെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം തുടങ്ങിയ വിവരങ്ങൾ ഇംഗ്ലീഷിൽ തയ്യാറാക്കി scholarshipdpi@gmail.com എന്ന വിലാസത്തിൽ നൽകേണ്ടതാണ്.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**പകർപ്പ് - 1. എല്ലാ ഡി.ഡി.മാർക്കും**
**2. എല്ലാ ഡി.ഇ.ഒ മാർക്കും**
**3. എല്ലാ എ.ഇ.ഒ മാർക്കും**
**4. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത സ്കൂൾ പ്രഥമാധ്യാപകർക്കും.**